**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ഓഫീസ് അറ്റൻഡന്റുമാരുടെ പ്രൊമോഷൻ - സീനിയോരിറ്റി ലിസ്റ്റ് - പരാതി - കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. പി. ജ്യോഷി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത OA 1887/2014 - ബഹു. ട്രൈബ്യൂണലിന്റെ 19.01.2015-ലെ വിധി പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം. 3818/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 19-12-2015.

---

പരാമർശം 1. ശ്രീ. പി. ജ്യോഷി 09-10-2014-ൽ സമർപ്പിച്ച പരാതി

2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.01.2015 ലെ OA 1887/2014 നമ്പർ ഉത്തരവ്.

3. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22-04-2015-ലെ ഇ 22/ 10003/13/സി.ഇ/ തസ്വഭവ. നമ്പർ കത്ത്.

4. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 04-06-2008-ൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നൽകിയ ഇ.എ.2/9049/08 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19-01-2015-ലെ ഒ.എ.നമ്പർ 1887/14 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. ജ്യോഷിയെ 27-05-2015 തീയതിയിൽ തദ്ദേശ സ്വയം ഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

2. പരാതിക്കാരനായ ശ്രീ.പി. ജ്യോഷി കോഴിക്കോട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗം ജീവനക്കാരനായി 28-11-2000-ൽ സാമൂഹ്യനീതി വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പൊതുമരാമത്ത് വകുപ്പിൽ 01-02-2002 മുതൽ ജോലിയിൽ തുടരവേ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം വകുപ്പിലേക്ക് 17-09-2003 മുതൽ നിർബന്ധിതമായി പുനർവിന്യസിക്കപ്പെട്ട് കോഴിക്കോട് ജില്ലയിൽ തുടർന്നു വരുന്നയാളുമാണ്. ശ്രീ. സജീഷ്. ജി എന്നയാൾ പൊതുമരാമത്ത് വകുപ്പിൽ 17-06-2000-ൽ മലപ്പുറം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച് അന്തർ ജില്ലാ സ്ഥലംമാറ്റം മുഖേന 25-03-2005-ൽ കോഴിക്കോട് ജില്ലയിൽ വന്നയാളാണ്. തുടർന്ന് ഓപ്ഷൻ മുഖേന എൽ.എസ്.ജി.ഡി-യിൽ ജോലിയിൽ തുടർന്നു വരുന്നയാളുമാണ്. ആയതിനാൽ ശ്രീ.സജീഷിന് സീനിയോറിറ്റി പട്ടികയിൽ മുൻഗണന നൽകിയ നടപടി തെറ്റാണെന്നും താനാണ് സീനിയർ എന്നും ജ്യോഷി വാദിക്കുകയുണ്ടായി. സീനിയോറിറ്റി ലിസ്റ്റിൽ ഉണ്ടായ അപാകം പരിഹരിക്കണമെന്നും സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 1 പ്രകാരം പരാതിപ്പെടുകയുണ്ടായി.

3. പരാമർശം 2 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന വസ്തുതകൾ വെളിവാകുന്നു.

4. തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓപ്ഷൻ മുഖേന പ്രവേശിച്ച ഓഫീസ് അറ്റൻഡന്റു മാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26-11-2013-ലെ ഇ 22/10003/13/സി.ഇ/തസ്വഭവ. നമ്പർ പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. സർക്കാർ കത്ത് നം.70621/ഇ.ഡബ്ള്യൂ3/13/തസ്വഭവ തീയതി 13-05-2014 പ്രകാരം ഓഫീസ് അറ്റൻഡന്റു മാരുടെ പ്രൊമോഷനു വേണ്ടി ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കാൻ സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ചീഫ് എഞ്ചിനീയറർ സമർപ്പിച്ച സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചുകൊണ്ട് 21 ഓഫീസ് അറ്റൻഡന്റുമാർക്ക് പ്രൊമോഷൻ നൽകുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ആയതുപ്രകാരം 21 ഓഫീസ് അറ്റൻഡന്റുമാർക്ക് എ1/5300/2014/ സിഇ/തസ്വഭവ തീയതി 24-6-2014 ഉത്തരവ് പ്രകാരം പ്രൊമോഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

5. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുമരാമത്ത്, ജലസേചന വകുപ്പു കളിൽ അധികമെന്നു കണ്ടെത്തിയ മിനിസ്റ്റിരിയൽ തസ്തികകളിൽ അതാത് വകുപ്പിലെ ചീഫ് എഞ്ചിനീയർമാർ ഓപ്ഷൻ വിളിക്കുകയും തുടർന്ന് തസ്തികകളും, തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വകുപ്പിൽ സ്ഥിരമായി ആഗിരണം ചെയ്യപ്പെടാൻ സമ്മതം നൽകിയ വരെയും വകുപ്പിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയുമാണ് ഉണ്ടായത്. ടി തസ്തികകളിൽ 202 ഓഫീസ് അറ്റൻഡന്റ് തസ്തികകളും അതിൽ ഓപ്ഷൻ സമർപ്പിച്ച 113 ജീവനക്കാരും ഉണ്ടായിരുന്നു. ഈ ജീവനക്കാരെ അവർ ആവശ്യപ്പെട്ട ജില്ലകളിൽ നിയമനം നൽകുകയു മുണ്ടായി.

6. പി.ഡബ്ളിയു.ഡി, ഇറിഗേഷൻ എന്നീ വകുപ്പുകളിൽ നിന്ന് താൽക്കാലിക പുനർ വിന്യാസം മുഖേനയാണ് തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വകുപ്പിൽ ജീവനക്കാർ ജോലി ചെയ്തു വന്നിരുന്നത്. 01-01-2008-ൽ വകുപ്പ് പുതിയതായി നിലവിൽ വന്നശേഷം പി.ഡബ്ളിയു.ഡി, ഇറിഗേഷൻ എന്നീ വകുപ്പുകൾ വിവിധ സമയങ്ങളിലാണ് മിനിസ്റ്റീരിയൽ ജീവനക്കാർക്കു വേണ്ടി സംസ്ഥാനതലത്തിൽ സ്ഥിര ഓപ്ഷൻ വിളിച്ചിരുന്നത്. വകുപ്പിൽ ലഭിച്ച തസ്തികകളെല്ലാം അതാത് ജില്ലകളിലെ ആവശ്യം കണക്കാക്കി കേഡർ സ്ട്രെങ്ത്ത് നിശ്ചയിച്ച് ലഭിച്ച തസ്തികകളല്ല. മറിച്ച് ഇത്രയും തസ്തികകൾ മൊത്തത്തിൽ അധികമെന്ന് പി. ഡബ്ളിയു.ഡി, ഇറിഗേഷൻ വകുപ്പുകളിൽ കണ്ടെത്തുകയും കൈമാറ്റം ചെയ്യപ്പെടുകയും ചെയ്ത തസ്തികകളാണ്. ഓപ്ഷൻ വിളിക്കേണ്ട സമയത്ത് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ 04-06-2008-ലെ സി.ഇ (പി.ഡബ്യൂ.ഡി) അഡ്മിനിസ്ട്രേഷൻ, തിരുവന ന്തപുരത്തിന്റെ ഇഎ2/9049/08 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീ യറിംഗ് വിഭാഗം വകുപ്പിലേക്ക് ഓപ്ഷൻ സമർപ്പിക്കുന്നവർക്ക് ഡി.ആർ.ബി ബാധകമല്ല എന്നറിയിക്കുകയും ചെയ്തിരുന്നു. ഇത് പരിഗണിച്ചാണ് പല ജീവനക്കാരും ഓപ്ഷൻ നൽകിയത്. ടി സാഹചര്യങ്ങളിൽ ഈ വകുപ്പിലേക്ക് അബ്സോർബ് ചെയ്യപ്പെട്ട ജീവന ക്കാരുടെ സീനിയോറിറ്റി സംസ്ഥാനതലത്തിലോ അവരവർ ഓപ്റ്റ് ചെയ്ത് നിയമനം ലഭിച്ച ജില്ലയിലോ മാത്രമേ പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ. വകുപ്പിനു മാത്രമായി പി.എസ്.സി വഴി നേരിട്ട് നിയമനം ലഭിച്ച ജീവനക്കാർക്ക് അവരവരുടെ ഡി.ആർ.ബി അനുസരിച്ചുള്ള ജില്ലാതല സീനിയോറിറ്റിയാണ് കണക്കാക്കി വരുന്നത്. ഈ ഓപ്ഷൻ വഴി വന്ന ജീവനക്കാർ ആരും തന്നെ ഇപ്പോൾ നിലവിലുള്ള ഡി.ആർ.ബി റൂൾ പ്രകാരമോ, ഇന്റർ ഡിപ്പാർട്ടുമെന്റ് റൂൾ പ്രകാരമോ അല്ല തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം വകുപ്പിൽ പ്രവേശി ച്ചിരുന്നത്.

7. സംസ്ഥാന തലത്തിൽ ഗവൺമെന്റ് അനുവദിച്ച ഈ ഓപ്ഷൻ ഉപയോഗപ്പെടുത്തി വിവിധ ഡി.ആർ.ബി.കളിൽ പ്രവേശനം ലഭിച്ച് ജോലി ചെയ്തു വന്നിരുന്ന ജീവനക്കാർ അവരവരുടെ സ്വന്തം ജില്ലയിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റുമാരുടെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയപ്പോൾ വകുപ്പിൽ എല്ലാ ജീവനക്കാരും അവർ

ഇപ്പോൾ ജോലി ചെയ്തുവരുന്ന ജില്ലകളിൽ പുതിയതായി പ്രവേശിച്ചതായി കണക്കാക്കുകയും അതിൽ സർവ്വീസിൽ സീനിയർ ആര് എന്നത് പരിഗണിക്കുന്നതിനു വേണ്ടി അവരുടെ Date of Advice മാനദണ്ഡമാക്കുകയും ചെയ്തു. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിനെ സംബന്ധിച്ച് ലഭിച്ച പരാതികൾ പരിഹരിക്കാൻ കഴിയുന്നവ പരിഹരിച്ച ശേഷമാണ് ചീഫ് എഞ്ചിനീയർ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. മേൽ വിവരിച്ച സാഹചര്യത്തിൽ ഓഫീസ് ജീവനക്കാരുടെ സീനിയോറിറ്റി കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തുകയും സീനിയോറിറ്റി പ്രശ്നങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഡി.ആർ.ബി പ്രകാരം മാതൃവകുപ്പിൽ ലഭിക്കുമായിരുന്ന സീനിയോറിറ്റി, ഓപ്ഷൻ മുഖേന തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വന്ന പരാതിക്കാരന് നൽകുകയാണെങ്കിൽ ഓപ്ഷൻ മുഖേന തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വന്ന സീനിയറായ മറ്റ് പല ജീവനക്കാരുടെയും സീനിയോറിറ്റിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ആയതിനാൽ ഇത് പ്രായോഗികമായി നടപ്പാക്കാൻ കഴിയുന്നതല്ല.'

8. പരാമർശം 4 പ്രകാരം നൽകിയ കത്തിലെ "The conditions under the DRB is not applicable for the optees of the Clerks and Peons who are deployed to LSGD" എന്ന വസ്തുതയുടെ വെളിച്ചത്തിൽ ശ്രീ. പി. ജ്യോഷിയുടെ വാദഗതികൾ അടിസ്ഥാനമല്ലാത്തതായതിനാലും ഡി.ആർ.ബി പ്രകാരം മാതൃ വകുപ്പിൽ ലഭിക്കുമായിരുന്ന സീനിയോറിറ്റി, ഓപ്ഷൻ മുഖേന വന്ന പരാതിക്കാരന് നല്കുകയാണെങ്കിൽ ഓപ്ഷൻ മുഖേന വന്ന സീനിയറായ മറ്റ് പല ജീവനക്കാരുടെയും സീനിയോറിറ്റിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും ശ്രീ. പി. ജ്യോഷിയുടെ പരാമർശം 1 പ്രകാരമുള്ള പരാതി നിരസിച്ചുകൊണ്ടും അപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 19.01.2015-ലെ OA 1887/2014-ലെ വിധി പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കൃഷ്ണ ശർമ. പി,**
ഗവ. അഡീഷണൽ സെക്രട്ടറി.

1. ശ്രീ. പി. ജ്യോഷി, ഓഫീസ് അറ്റൻഡന്റ്, പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് കോഴിക്കോട്. (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം (ആമുഖ കത്ത് മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ